LIBRARY ARCHIVES Kerala Legislative Assembly

കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പെർട്സ് ഫോർ ഡെവലപ്മെന്റ്

44 (3328) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വൈദഗ്ധ്യം ഉള്ള വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കൺസോർഷ്യം ഓഫ് റിട്ടയേഴ്സ് എക്സ്പെർട്ട്സ് ഫോർ ഡെവലപ്മെന്റ് എന്ന ഒരു കമ്പനി രൂപീകരണം സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കമ്പനി രൂപീകരണം സാധ്യമാക്കുന്നതിനു സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ;

(സി) തന്നാണ്ടിൽ ഇതിലേക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) വകയിരുത്തിയിട്ടില്ലെങ്കിൽ തുടർ ബഡ്ജറ്റിൽ പ്രസ്തുത കമ്പനി രൂപീകരണത്തിന് പ്രാഥമികമായി വേണ്ടുന്നതായ അടങ്കൽ തുക വകയിരുത്തുന്നതിന് ശ്രമമുണ്ടാകുമോ ?

ഉത്തരം

(എ) 26-7-2013-ലെ ജി.ഒ. (സാധാ.) നമ്പർ 38/13/പ്ലാനിംഗ് പ്രകാരം സാങ്കേതിക വൈദഗ്ധ്യം ഉള്ള വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്സ് ഫോർ ഡെവലപ്മെന്റ് (CRED)" ഒരു കമ്പനിയായി രൂപീകരിക്കുന്നതിനുള്ള അംഗീകാരം നൽകിയിരുന്നു. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഡി) കമ്പനി രൂപീകരണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നടപ്പ് വർഷത്തെ ബഡ്ജറ്റിൽ ഇതിലേയ്ക്ക് തുക വകയിരുത്തിയിട്ടില്ല. കമ്പനി രൂപീകരണത്തിനുള്ള അടങ്കൽ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.